# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജൂൺ 27, വ്യാഴം

**നമ്പർ 177**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ:**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണവും ഒന്നാം നമ്പർ അടിയന്തര ചോദ്യവും സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:**

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 13-6-2018-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2210-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിയ സ്റ്റേറ്റ്മെന്റും തിരുത്തിയ ഉത്തരവും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി മേശപ്പുറത്തുവച്ചു.

**അടിയന്തരപ്രമേയം:**

മലയാളം സർവ്വകലാശാലയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട ക്രമക്കേടുകൾമൂലം പ്രസ്തുത സർവ്വകലാശാലയുടെ വികസന സംരംഭങ്ങളിൽ നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ പ്രതിസന്ധി സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. സി. മമ്മൂട്ടിയും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. വിഷയത്തിന് അടിയന്തരപ്രാധാന്യമില്ലാത്തതിനാൽ സ്പീക്കർ അനുമതി നിഷേധിക്കുകയും സബ്മിഷനായി ഉന്നയിക്കാൻ അനുവദിക്കുകയും ചെയ്തു.

[സ്പീക്കറുടെ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികൾ സഭയിൽ ബഹളം വെച്ചു.]

ശ്രദ്ധ ക്ഷണിക്കൽ:

1. വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് വീണ്ടും പ്രവർത്തന ക്ഷമമാക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ അടിയന്തര ഇടപെടൽ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീമതി സി. കെ. ആശ വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

[അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ച തീരുമാനം പുനഃപരിശോധിക്കണമെന്ന പ്രതിപക്ഷ നേതാവിന്റെ ആവശ്യം സ്പീക്കർ നിരാകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷം ഇറങ്ങിപ്പോയി.]

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | അട്ടക്കുളങ്ങര വനിതാ ജയിലിൽ നിന്നും തടവുകാർ ജയിൽ ചാടിയത് | മുഖ്യമന്ത്രി |
| 2 | ശ്രീ. ചിറ്റയം ഗോപകുമാർ | പന്തളത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. അൻവർ സാദത്ത് | പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് ധനസഹായത്തിന് അപേക്ഷിക്കാനുള്ള കാലാവധി നീട്ടുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. സി. ജോർജ് | പൂഞ്ഞാർ താലൂക്ക് രൂപീകരിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പ്രദീപ്കുമാർ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച ബില്ലുകൾക്ക് തുക അനുവദിക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 6 | ശ്രീ. എസ്. ശർമ്മ | പണ്ഡിറ്റ് കെ. പി. കറുപ്പന് കൊച്ചി നഗരത്തിൽ സ്മാരകം സ്ഥാപിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കെ. ബാബു | പാലക്കാട് ജില്ലാ ആശുപത്രിയിൽ കാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസറഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. എൻ. ഷംസീർ | ഡയറ്റിലെ ലക്ചർ നിയമനം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ഡി. സതീശൻ | പറവൂരിൽ കെ. എസ്. ഇ. ബി. കെ.വി. ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നം | വൈദ്യുതി വകുപ്പുമന്ത്രി |
| 11 | ശ്രീ. ഷാഫി പറമ്പിൽ | കഞ്ചിക്കോട് വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി | വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി. |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(2) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2018-2019 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(3) സബ്ജക്ട് കമ്മിറ്റി X-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(4) സബ്ജക്ട് കമ്മിറ്റി X-ന്റെ 2018-2019 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(5) സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(6) സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ 2018-2019 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(7) സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(8) സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ 2018-2019 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

ധനകാര്യം:

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്, ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണനും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

VIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 7, 8, 9, 10, 11, 12, 14, 15, 16, 17, 18, 19, 20, 21, 22, 23, 28, 32, 33, 35, 36,

37, 38, 39, 40 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXIV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 6, 7, 9, 10, 11, 13, 14, 15, 17, 19, 21, 23, 24, 25, 26, 28, 29, 30, 31, 32, 33 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 4, 5, 6, 7, 10, 12, 13, 14, 17, 18, 19, 20, 21, 22, 24, 26, 30, 35, 37, 38, 41, 42 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ബി. സത്യൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. ഒ. ആർ. കേളു

ശ്രീ. മോൻസ് ജോസഫ്

ശ്രീ. പി. ടി. എ. റഹീം

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. കാരാട്ട് റസാഖ്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. സി. മമ്മൂട്ടി

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. കെ. സി. ജോസഫ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണനും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ VIII, XXIV, XXV എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

ധനാഭ്യർത്ഥനകളിന്മേൽ വോട്ടെടുപ്പ് നടത്താനുള്ള അവസാന ദിവസമാകയാൽ അതുവരെ വോട്ടിനിടാതിരുന്ന താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ സഭയുടെ വോട്ടിന് സമർപ്പിക്കുകയും ചർച്ച കൂടാതെ പാസ്സാക്കുകയും ചെയ്തു.

I —സംസ്ഥാന നിയമസഭ

VII —മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

X —ട്രഷറികളും അക്കൗണ്ടുകളും

XVI —പെൻഷനും പലവകയും

XXIII —വാർത്താവിതരണവും പ്രചരണവും

XXVIII —പലവക സാമ്പത്തിക സർവ്വീസുകൾ

XLIII —നഷ്ട പരിഹാരവും അവകാശ കൈമാറ്റങ്ങളും

XLV —പലവക വായ്പകളും മുൻകൂറുകളും.

2019 ജൂൺ 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 9-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.33-ന് സഭ പിരിഞ്ഞു.

സി. ജോസ്,

*സെക്രട്ടറി-ഇൻ-ചാർജ്.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Fifteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, June 27, 2019*

**No. 177**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day and Short notice question No. 1 were answered orally.

*Correction of answer to Unstarred Question:*

Corrected answer and statement to Unstarred Question No. 2210, dated 13-6-2018 of the Eleventh Session of the Fourteenth Kerala Legislative Assembly was laid on the Table by Shri Ramachandran Kadannappalli, Minister for Ports, Museums and Archeology.

*Adjournment Motion:*

The Speaker withheld consent to the moving of an adjournment motion given notice of by Shri C. Mammutty and three other Members regarding the serious situation that have arisen consequent on the reported crisis being encountered in the developmental activities of Malayalam University due to the alleged irregularities in the acquisition of land. The Speaker informed the House that the matter raised was not one of urgent public importance and it could be granted as a Submission.

[In protest against the decision of the Speaker in this matter the Members belonging to the opposition raised slogans.]

KNPP. 840/2019(ii).

*Calling Attention:*

1. Smt. C. K. Asha called the attention of the Minister for Industries, Sports and youth Affairs to the necessity for the urgent intervention of the State Government to start over the Hindustan Newsprint Ltd., Velloor. The Minister made a statement thereto.

[The Leader of opposition demanded the reconsideration of the decision regarding Adjournment motion. As The Speaker turned down the demand the Members belonging to the opposition staged a walkout.]

*The Matters under Rule 304 :*

The Matters raised in the house by members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | അട്ടക്കുളങ്ങര വനിതാ ജയിലിൽ നിന്നും തടവുകാർ ജയിൽ ചാടിയത് | മുഖ്യമന്ത്രി |
| 2 | ശ്രീ. ചിറ്റയം ഗോപകുമാർ | പന്തളത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. അൻവർ സാദത്ത് | പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് ധനസഹായത്തിന് അപേക്ഷിക്കാനുള്ള കാലാവധി നീട്ടുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. സി. ജോർജ്ജ് | പൂഞ്ഞാർ താലൂക്ക് രൂപീകരിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പ്രദീപ്കുമാർ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച ബില്ലുകൾക്ക് തുക അനുവദിക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. എസ്. ശർമ്മ | പണ്ഡിറ്റ് കെ. പി. കറുപ്പന് കൊച്ചി നഗരത്തിൽ സ്മാരകം സ്ഥാപിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ബാബു | പാലക്കാട് ജില്ലാ ആശുപത്രിയിൽ കാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസറഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. എൻ. ഷംസീർ | ഡയറ്റിലെ ലക്ചർ നിയമനം | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ഡി. സതീശൻ | പറവൂരിൽ കെ. എസ്. ഇ. ബി. കെ.വി ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നം | വൈദ്യുതി വകുപ്പുമന്ത്രി |
| 11 | ശ്രീ. ഷാഫി പറമ്പിൽ | കഞ്ചിക്കോട് വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി | വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി. |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The Following reports were presented:

(1) The Periodical Report as on 31st March 2019 of the Subject Committee VIII.

(2) The Report on the action taken on the recommendations contained in the Third Report of Subject Committee VIII on the scrutiny of demands for grants for the financial year 2018-2019.

(3) The Periodical Report as on 31st March 2019 of the Subject Committee X.

(4) The Report on the action taken on the recommendations contained in the Third Report of Subject Committee X on the scrutiny of demands for grants for the financial year 2018-2019.

(5) The Periodical Report as on 31st March 2019 of the Subject Committee XII.

(6) The Report on the action taken on the recommendations contained in the Third Report of Subject Committee XII on the scrutiny of demands for grants for the financial year 2018-2019.

(7) The Periodical Report as on 31st March 2019 of the Subject Committee XIV.

(8) The Report on the action taken on the recommendations contained in the Third Report of Subject Commitee XIV on the scrutiny of demands for grants for the financial year 2018-2019.

*Financial Business:*

Discussion and Voting on Demands for Grants in the Budget for the Financial Year 2019-2020

DR. T. M. Thomas Isaac, Minister for Finance and Coir laid on the table Supplementary Financial Statement in the Budget for the Financial Year 2019-2020.

Shri T. P. Ramakrishnan, Minister for Labour and Excise moved Demand No. VIII—Excise and Demand No. XXIV—Labour, Labour Welfare and Welfare of Non-Residents for the amounts shown against them under column No. 5 in the list of Demands for Grants and Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs moved Demand No. XXV—Welfare of Scheduled Castes/Scheduled Tribes/Other Backward Classes and Minorities for the amount shown against it under column No. 5 in the list of Demands for Grants.

DR. T. M. Thomas Isaac, Minister for Finance and Coir laid on the table statements under Rule 236(3) regarding these Demands.

The cut motion Nos. 7, 8, 9, 10, 11, 12, 14, 15, 16, 17, 18, 19, 20, 21, 22, 23, 28, 32, 33, 35, 36, 37, 38, 39, 40 in the list of cut motions for Demand No. VIII, cut motion Nos. 1, 2, 3, 4, 6, 7, 9, 10, 11, 13, 14, 15, 17, 19, 21, 23, 24, 25, 26, 28, 29, 30, 31, 32 and 33 in the list of cut motions for Demand No. XXIV, cut motion Nos. 2, 4, 5, 6, 7, 10, 12, 13, 14, 17, 18, 19, 20, 21, 22, 24, 26, 30, 35, 37, 38, 41 and 42 in the list of cut motions for Demand No. XXV were moved.

The following Members took part in the discussion:

Shri B. Satyan

Shri V. P. Sajeendran

Shri Chittayam Gopakumar

Shri O. R. Kelu

Shri Mons Joseph

Shri P. T. A. Rahim

Shri U. R. Pradeep

Shri Muhammed Muhassin P.

Shri Karat Razack

Shri K. D. Prasenan

Shri C. Mammutty

Shri John Fernandez

Shri K. C. Joseph.

Shri T. P. Ramakrishnan, Minister for Labour and Excise, Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs, Shri Pinarayi Vijayan, Chief Minister and DR. K. T. Jaleel, Minister for Higher Education, Welfare of Minorities Wakf and Hajj Pilgrimage replied to the points raised during the discussion. The cut motions were declared lost. Then the Demand No. VIII, XXIV and XXV were put to vote and passed.

All the remaining Demands were guillotioned in the following order for the amounts shown respectively against them in column 5 in the list of Demands for Grants.

I —State Legislature

VII —Stamps and Registrations

X —Treasury and Accounts

XVI —Pension and Miscellaneous

XXIII —Information and Publicity

XXVIII —Miscellaneous Economic Services

XLIII —Compensation and Assignments

XLV —Miscellaneous Loans and Advances.

The House adjourned at 4.33 p.m. to meet again 9.00 a.m. on Friday, June 28, 2019.

C. Jos,
*Secretary-in-charge.*